# നിറവിൻെറ വെളിച്ചം

## ഗവ: ടെക്നിക്കൽ
## ഹൈസ്കൂൾ പാലക്കാട് 678 007

**ഡിജിറ്റൽ മാസിക**

# ഉള്ളടക്കം

## കവിത


- ബാല്യസ്മരണകൾ - കാർത്തിക.കെ
- കാരുണ്യം സ്പർശത്തിന്റെ കുളിർമ -
- കാർത്തിക.കെ
- വിവാഹ വേദി - കാർത്തിക
- എന്റെ കുട്ടിക്കാലം - അക്ഷയ്കൃഷ്ണ.ജി.കെ
- രക്ഷ -
  അമ്മ - കാർത്തിക.കെ
- പ്രളയം - അക്ഷയ്കൃഷ്ണ.ജി.കെ
- വസന്തം - അക്ഷയ്കൃഷ്ണ.ജി.കെ
  കൂട്ട് - യദുകൃഷ്ണ.അർ

# കവിത

# ബാല്യസ്മരണകൾ

ഓർമിക്കുവാനോട്ട ഓർക്കാതൊരെൻ

ബാല്യകാലമേ... സ്മരിക്കുന്നു

ഇന്നു ഞാൻ നിന്നെ വേദനപ്പോലെ ....

എൻ ഹൃദയത്തിൽ,

പാതിവരച്ചിട്ട വർണ്ണഭംഗിയാർന്ന

ചിത്രമെന്നപോൽ മാഞ്ഞുപ്പോയ

എൻ പ്രിയപ്പെട്ടവർ ......

എന്തിരുന്നാലും .......

ബാല്യമെ നീയൊന്നു  തിരികെ

വന്നിരുന്നാൽ  ഒന്നു ആഗ്രഹിക്കുന്നു

ഞാൻ എകഗ്രയായ്.......

-കാർത്തിക .കെ

# നിറകൺചിരി

ദുഃഖത്താൽ വിതുമ്പിനിൽക്കുമ്പോൾ
എൻ മാനസം കത്തിയെരിയുന്ന
കരിയോലകൾപ്പോലെ നീറുന്നവേ
ആരോടും ഒന്നും ഉരിയാടാനാവാതെ
ഒരു പ്രതിമയ്ക്ക് തുല്യം ഞാൻ നിൽക്കവേ
ഭാവങ്ങൾ മാറിമറിയുന്ന നേത്രങ്ങളിൽ
ഒരു മഴതുള്ളി വിങ്ങി നിൽക്കവേ.
വിരഹത്താൽ കത്തിയെരിയുമ്പോഴും
എൻ മനം പറയുന്നു
ആരും അറിയരുതീനിൻ ദുഃഖം
ദുഃഖത്തെ അടിച്ചമർത്തികൊണ്ട്
പുഞ്ചിരി പ്രത്യക്ഷമാകവേ
ദുഃഖം സത്യത്തിനു സാമ്യം നേത്രങ്ങളിലൂടെ

പുറത്ത് കടക്കവേ
ഞാൻ പോലുമറിയാതെ എൻ
കവിളിൽ കണ്ണീർ വീഴവേ
എൻെറ പുഞ്ചി അവസാനിക്കുന്നില്ല
നിറ കൺ ചിരിയായ് ഞാൻ
വിതുമ്പി നിൽക്കവേ.

–എസ്.ശ്രീനിവാസൻ

# തേടി

ഒറ്റയായിരിക്കിം നേരം
അമ്മയെ ഞാൻ തേടി
അലസമായിരിക്കും നേരം
ഉണർവിനെ ഞാൻ തേടി
അമ്മയെ കാണാ നേരം
അലസത എന്നിൽ നിറഞ്ഞു
ഉണർവിനെ തേടി തേടി
ഒരു പുതിയ ലോകത്തിലേക്ക്
പടികൾ നീണ്ടപ്പടികൾ
കേറി കേറി ഞാൻ
സ്വപ്ന രാജ്യത്തിലേക്ക്
ഉണർവിൻെറ സ്വപ്ന-
രാജ്യത്തിലേക്ക് ഞാൻ
ഉണർവിൻെറ സ്വപ്നരാജ്യത്തിലേക്ക്

**-ജി.കെ.അക്ഷയ് കൃഷ്ണ**

# കഥ

## മുച്ചക്രം

അച്ഛൻ സുകുണൻ ഓട്ടോ ഓടിച്ചാണ് വരുമാനമാഗ്ഗം കണ്ടെത്തിയത്. സുഗുണനും ഭാര്യ രമയും ഓരുബുദ്ധിമുട്ടും അറിയിക്കാതെയാണ് മൂന്നുമക്കളെയും വളർത്തിയിരുന്നത്.

എട്ടാം ക്ലാസുവരെയും മൂത്തമകനെ നല്ലരീതിയിലാണ് പഠിച്ചതും,നല്ല അച്ചടക്കവും ഉള്ള വിദ്യാത്തിയായിരുന്നു. പിന്നെപിന്നെ അവൻെറ സ്വഭാവത്തിലും,

പഠനത്തിലും മാറ്റങ്ങളുണ്ടായിതുടങ്ങി. ഓരുപക്ഷെ അവൻ മുകൾ

ക്ലാസുകളിൽ പോയതിൻെറ കുഴപ്പമായിരിക്കുമെന്ന അവൻെറ

അച്ഛനമ്മമാർ വിചാരിച്ചു.ദിവസങ്ങൾപോകും തോറും അവൻ അച്ഛനും,അമ്മയും പറയുന്നതൊന്നും അനുസരിക്കുന്നില്ല, അച്ഛനോട് കയർത്തുസംസാരിക്കുക , "ഇനി അച്ഛൻ ഞാൻ പഠിക്കുന്ന സ്കൂളിലേക്ക് ആ പാട്ട ഓട്ടോ ഓടിച്ചുവരരുത്", അച്ഛനെതിരെ കൈചൂണ്ടി സംസാരിക്കുക, ഇതുകേട്ടുണർന്ന അച്ഛന് കണ്ണുനിറയുകയാണ് ചെയ്തത്. ഈ നേരത്തെല്ലാം അച്ഛനും അമ്മയുമെല്ലാം മകനെ നേർവഴിക്കേണമേ എന്നാണ് പ്രാർത്ഥിചിരുന്നത്. അവർ മൂന്നുപേരും വളർന്നുവലുതായി. രമ്യയും, മീരയും അവരുടെ അച്ഛനമ്മമാർ കഷ്ട്ടപെടുന്നതറിഞ്ഞ്

നന്നായി പഠിച്ച് നല്ലനിലയിലായി. പക്ഷെ രമേഷ് രക്ഷിതാക്കൾ

പറഞ്ഞത് അനുസരിക്കാതെ ചീത്ത കൂട്ടുകെട്ടുകളിൽ

പെട്ട് പഠിത്തത്തിൽ ശ്രദ്ധിക്കാതെ ലഹരി , മയക്കുമരുന്ന് എന്നിവക്ക്

അടിമയായിരുന്നു. അപ്പോഴും അവരുടെ രക്ഷിതാക്കൾ അവനെ

കൈയൊഴിഞ്ഞിട്ടുണ്ടായിരുന്നില്ല.

അങ്ങനെ ഒരു ദിവസം

, മാതാപിതാക്കളോടൊപ്പം സമയം ചിലവഴിക്കാതെ

നാടുനീളം ആ ദുഷിച്ച കൂട്ടുകാരോടുകൂടി അലഞ്ഞ്

തിരിയുമ്പോഴാണ് ആ വിവരമറിഞ്ഞത്. പ്രതിഫലം ആഗ്രഹിക്കാതെ തനിക്ക് സ്നേഹം മാത്രം

നൽകിയ തൻെറ അച്ഛൻ മരിച്ച വിവരം. ഇനി

തനിക്ക് അച്ഛനില്ല എന്നവിവരം  അറിഞ്ഞ രമേഷ്, ഇനിയെങ്കിലും താൻ ജീവിക്കുന്നടുത്തോളം തൻെറ

അമ്മയെ നോക്കിയും സഹോദരങ്ങളെരണ്ടുപേരേയും നല്ല  ജീവിതപങ്കാളികളെ

തെരഞ്ഞുപിടിച്ച് അവരുടെ വിവാഹം കഴിപ്പിച്ച്, അവരെയെല്ലാം നല്ലരീതിയിൽ സ്നേഹിക്കണം എന്നെല്ലാം പ്രതിജ്ഞചെയ്ത് അദ്ദേഹത്തിൻെറ

അച്ഛനെ ഒരു നോക്ക് കാണാൻ പുറപ്പെട്ടുബോഴാണ്, അവനെ ജീവിക്കാൻ അനുവധിക്കാതെ ആ സംഭവം

നടന്നത്. വാഹനാപകടം............

കറുത്ത

വാഹനത്തിൽ

വന്ന കാലനുപോലും അവൻെറ മനസിൽ

ഓടിയെത്തിയത് അവൻെറ അച്ഛൻെറ

മുഖമായിരുന്നു. താങ്ങാൻ മാറിയ അച്ഛന് ഒരു തണലേകാൻ കഴിഞ്ഞില്ലല്ലോ എന്നാലോചിച്ച്

അവൻെറ മനസ്സിൽ കുറ്റബോധം  നിറഞ്ഞിരുന്നു. അവൻ അച്ഛനമ്മമാരെ വിട്ടുകളഞ്ഞ് തൻെറ എല്ലമെല്ലാമായികൊണ്ടുനടന്ന സുഹൃത്തുക്കൾ ആവട്ടെ

അവനെ ആശുപത്രിയിൽ കൊണ്ടുതള്ളിയിട്ട് അവിടം വിട്ടു. രമേഷ് അപകടത്തിൽ പെട്ട വിവരം അവൻ്റ വീട്ടിൽ അറിയിച്ചില്ല.

ഓടുവിൽ എങ്ങനെയൊക്കെയോ ആ വിവരം അവൻ്റ വീട്ടിലെത്തിയുടൻ തന്നെ അൻ്റ അമ്മയും സഹോദരികളും ആശുപത്രിയിലെത്തി. രണ്ടുദിവസത്തിനു ശേഷമാണ് രമേഷിന് ബോധം വന്നത്. പിന്നെ അവൻ അവൻ്റ അച്ഛൻ്റ കാര്യം ഓർത്ത് അമ്മയോടൊപ്പവും സഹോദരങ്ങളോടൊപ്പവും ചേർന്ന് സങ്കടം പങ്കുവെച്ചു ആശുപത്രിവിട്ടിറങ്ങിയിട്ട് വീട്ടിലെത്തിയശേഷം അവൻ അവൻ്റ അച്ചൻ്റ വരുമാന മാർഗ്ഗമായ മുചക്ര വാഹനം ഓടിക്കുകയും അമ്മയേയും കാരുണ്യം സ്പർശത്തിൻെറ  കുളിർമ സഹോദരികളേയും സ്നേഹിക്കാനും തുടങ്ങി.

# കഥ

## എനിക്കറിയാം ഞാൻ ചെയ്ത് തെറ്റന്തെന്ന്

ഞാൻ ചെയ്ത് തെറ്റിൻെ ആഴമളക്കാൻ

എനിക്കന്ന് കഴിഞ്ഞിരുന്നില. പക്ഷ ഞാൻ

അന്ന് അറിയാതെ ചെയ്തൊരു അഭദ്ദം

എത്രത്തോളം മാപർഹി

ക്കാൻ കഴിയാത്തതാണെന്ന് ഇപ്പോഴാണ് ഞാൻ

തിരിച്ചറിയുന്നത്. കൗമാരക്കാരൻെറ

ബുധിമോശമാണ്

എന്നെ ഈ വലിയ നഷ്ടത്തിന്

ആളാക്കിയത്.സദാസ-

മയം എന്നെ കുറ്റപ്പെടുത്തുകയും എൻെറ തെറ്റ്

ചൂണ്ടികാ-

കാണിക്കുകയും ചെയ്യുന്ന എന്റെ അച്ഛൻ

,പട്ടത്ത-

ത്തിൽ വളരെ പുറകിലായിരുന്ന എന്നെ

എപ്പോഴും

അദ്ദേഹം ശകാരിക്കുമായിരുന്നു.അതുപോലെ

തന്നെ

അന്നൊരിക്കൽ ഒരുജോലിയും പോകാതിരുന്ന

എന്നെ

എന്റെ കൂട്ടുക്കാരുടെ മുൻപിൽ വച്ച്

ആക്ഷേപിക്കുക-

യാണുണ്ടായത്.മദ്യലഹരിയിലായിരുന്ന ഞാൻ

എന്റെ കൂട്ടുകാരുടെ മുന്നിൽ വച്ച് ഇത്ര

അസഹനീയ-

മായ ആക്ഷേപം സഹിക്കാനാകാതെ അദ്ദേഹം

എന്നെ തല്ലി പക്ഷ അതിന്റെ വേതന ഞാൻ

സഹിച്ചു.വീട്ടിലെത്തീയതിനു ശേഷം ഞാൻ ഒരു ഭ്രാന്തുപിടിച്ച മൃഗത്തെ പോലെ സംസാരിക്കികയും പെരിമാറുകയും ചെയ്യ്തു. ആ സമയം എനിക്കുതന്നെ

എന്നെ നിയന്ത്രിക്കാൻ കഴിയാതെയായി.ഞാൻ എൻെറ

ഉള്ളിലുള്ള വിഷമവികാരങ്ങളെല്ലാം വീട്ടിനകത്ത് നിന്ന്

കാരുണ്യം സ്പർശത്തിൻെറ കുളിർമഒരു ഭ്രാന്തനെപ്പോലെ അലറിവിളിച്ചു അതോടെപ്പം ഞാൻ

എൻെറ അച്ഛനെ കുറ്റപ്പെടുത്തി. അതുക്കേട്ട് സഹിക്കാനാകാതെ അച്ഛൻ നിശ്ശബ്ദനായി മുറിയിലേക്ക് പോയി.

# കവിത

# കാരുണ്യ സ്പർശത്തിൻെറ കുളിർമ

ഞാൻ നിത്യം ഉരുട്ടുവിടുന്ന നാമമാണെൻ അച്ഛൻ
ആലോലം പാടി തഴുകി ഉറക്കിയൊരച്ഛൻ
ഇടനെഞ്ചിൻെറ ഓരത്ത് എന്നെ മയക്കി കിടത്തുന്നൊരച്ഛൻ. ആശ്വാസവാക്കുകൾ എന്നോട് ചൊല്ലി എൻ കുഞ്ഞുമനസ്സിനെ ശാന്തമാക്കിയൊരച്ഛൻ ശാന്തസ്വരൂപമാണെൻെറ അച്ഛൻ കാരുണ്യ സ്പർശത്തിൻ്റ കുളിർമയാണ് എൻ്റ അച്ഛൻ.

**– കാർത്തിക കെ**

# കവിത

## വിവാഹ വേദി

ഇനിയും വരുമെങ്കിൽ എൻ
ബാല്യകാലസ്മരരണകളെ
നകരുവാൻ കൊതിയോടെ
ഇന്നു ഞാൻ പടിയിറങ്ങവേ
എൻ സ്വപ്നങ്ങൾ ഇന്നു
മറ്റൊരിടത്ത് പറിച്ചു നാട്ടുമ്പോൾ
അറിഞ്ഞിരുന്നില്ല ഒരിക്കലും ഞാൻ

ഇന്നീ വിവാഹസുദിനത്തിൽ
നിന്നിതാ എൻ ഓർമകൾ
തലപ്പൊക്കി ശ്വാസം

അടക്കിപ്പിച്ചിരിക്കുകയാണ്
എന്നിരുന്നാലും അങ്കണത്തൈമാവിൻ
നിന്നുമാദ്യത്തെ മാമ്പഴം രുചിച്ചതും
അമ്മതൻ മടിയിലെ വായാടി
പാറുവായി നടന്നതും, തനിയെ
നടക്കുവാൻ ശ്രമിച്ച് വീണുപോയതും
എല്ലാമിന്ന് ഓർക്കുമ്പോൾ
പൊട്ടിച്ചിരിയാണെൻ
മനസ്സിൽ നിറയുന്നത്

ആജീവനാന്തം എനിക്കു
തൻ അമ്മയെയും
സ്വന്തബന്ധങ്ങളെയും മറന്നു
പ്പോയതിനു തുല്യം
ജീവിക്കണം

ജീവിതത്തിലെ പുണ്യ
മായ ദിവസത്തെ എന്നും

ഓർത്തെടുക്കാൻ കഴിയും

എന്നും മനസ്സിൻെറ
മായത്തട്ടിൽ ഒളിച്ചിരിപ്പുള്ള രഹസ്യം

**−കാർത്തിക**

# കവിത

# എൻെറ കുട്ടിക്കാലം

കണ്ണു തുറന്നു നോക്കിയപ്പോൾ
ഞാൻ കണ്ടു അമ്മതൻമുഖം
ദൈവമായ് എന്നെ കയ്യിലേറ്റി
അമ്മ പേരുച്ചോല്ലി എന്നെ വിളിച്ച
അമ്മ തൻ മടിമേൽ ഞാൻ കിടക്കേ
പഞ്ഞിയാം മേഘങ്ങൾപ്പോലെ
എനിക്ക് സുഖനിദ്ര ലഭിച്ച
ഞാൻ വളർന്നു വളർന്നു
വരവേ അമ്മ ജ്ഞാനമാം കഥകൾ പറഞ്ഞു.
ജ്ഞാനമാം വഴിയേ നടത്തി ഇന്നും
എന്നെ ജ്ഞാനത്തിൻ മോഴിയാൽ വളർത്തി
അമ്മ എന്നെ രണ്ടക്ഷരം അല്ലയോ
ദൈവമായ് തന്നോരു നിധിയായ്
എന്നെ കാത്തിടും ദൈവം.

**-അക്ഷയ് കൃഷ്ണ.ജി.കെ**

# കഥ

# ഞാൻ ചെയ്ത തെറ്റ്

എനിക് അറിയാം ഞാൻ ചെയ്ത തെറ്റ് എന്തെന്ന്

അമൽ സ്വന്തം അമയോട് തർക്കികുന്നു. അമൽ

അവനോട് വളരെ അദികം സ്നേഹം വാരി കോരി

കോടുത്തതു കോണ്ടാവാം അമ്മ അവൻറ ചെറുപ്പം

മുതലെ സ്നേഹം കോടുതു അവന് അമ്മ എന്നാൽ

ഒരു കളിപ്പാവ.അപ്പോൾ അതുവഴി അച്ചൻ വന്നു

അമൽ നിശബ്ദനായി അമലിൻറ മനസ്സിൽ അച്ചൻ

അച്ചൻ ഒരു ഭീകരനാണ് അച്ചൻ അവൻറ തെറ്റിന്

എലാം തല്ലുകയും വഴകുപറഞ്ഞുമായിരുന്നു .അവനെ

സ്നേഹിച്ചത് അവൻ വേകം വിട്ടിൻറ ഉള്ളിലേക്ക്
കടന്നു.

അവൻ അത്താഴത്തിനു കഞ്ഞിപുരയിലേക്ക് വന്നു അവൻെ സ്വന്തം അച്ചനും അമ്മയും അവനായി-കാത്തിരിക്കുന്നു.അമൽ വയുക്കിവന്ന ഭാവമിലാതെ പാത്രത്തിൽ വിളബിവെച്ച  കഞ്ഞി തുടങ്ങി.
അച്ചൻ അവനോട് ചോദിച്ചു.'നീ എന്തിനു ഇങ്ങനെ ചെയ്യ്തത്''അപ്പോൾ അവൻറ മറുപടി'അവനാണ്
ആദ്യം
വഴക്കിനുവന്നത്''ശബ്ദികരുത് നിൻറ അനിയൻറ
കൈ-
യിനെ വെട്ടിയാണോ പ്രതികാരം തീർക്കുന്നത്.ഈ വീടിൻറ പേരിന് കളങ്കം വേരുത്താനായി നീ ജനിച്ചു ഒന്നിലെങ്കിലും നിൻറ അനിയനലെ പവമലെ . അവനാണ് ഈ വീടിൻറ ആകെയുള്ള ഐശ്വര്വം അവൻ അരോട്ടും ഒരു തെറ്റും ചെയ്യിലെന്ന് നിനകും

എനികും എലാവർകും  അറിയാം അചഛൻ അമലിനെ
ഉപദേശിച്ചു അവൻ കഞ്ഞി മതിയാകി വീടിൻെറ പുറതിറങ്ങി  അവൻ ഇരുട്ടത്ത് നടന്നു

ഇരുട്ടിൻെറ

ശന്തത

അവനെ ഭയപ്പെട്ടുത്തി .ഒരോ ജീവികളും കരയുന്നു ചന്ദ്രനി-
ല്ലാത്ത രാത്രി വളരെ ഭീകരമായിരുന്നു .മഴയെ വിളിച്ചുവരു-
ത്തി ഇടിമിനൽ .അവൻ ഇതെന്നും ശ്രദ്ധിക്കാതെ നടന്നു-കെണ്ടിരുന്നു .അവൻ ദൂരെ കണ്ട ആൽ തറയിലേക്ക്

ഇരികാനായി നടന്നു .അവിടെ അവൻ ഇരുന്നു
അടുത്തുതന്റെ ഒരു ഭിക്ഷക്കാരൻ
ഉറങ്ങുന്നുണ്ടായിരുന്നു.
അയളെ കണ്ടപ്പോൾ അവൻ തന്നെ കുറിച്ച്
ആലോച്ചിക്കാൻ
തുടങ്ങി ഞാൻ ദ

# കവിത

## രക്ഷ

സൂര്യകിരണങ്ങൾ ഉദിച്ചിട്ടുച്ചെന്തെ
ഇന്നവൻ കണ്ണു തുറന്നില്ല
ഇളം കാറ്റുവീശടുന്നപ്പോൾ
ഇളകിയാടുന്ന മുടികൾ എവിടെപ്പോയ്**?**

ഇന്നവൻ ഈ ഭ്രാന്താലയത്തിൽ
കിടന്നു മരിച്ചപ്പോൾ
എവിടെപ്പോയ് അവൻെറ പ്രൗഢി-
യും ആർഭാടവും**?**

അച്ഛനെ തിരസ്കരിച്ച, അമ്മയേ
നോവിച്ചവൻ
കണക്കുകൂട്ടിവെച്ച് രാത്രിയും
പകലുമുറക്കമില്ലാതെ

ചിന്താകുലനായ് നടന്നപ്പോൾ

താൻചെയ്യ്ത തെറ്റെന്തെന്ന്

അവനപ്പോഴും എറ്റുപറഞ്ഞില്ല

ഒന്നോർത്തെടുക്കുകപ്പോലും ചെയ്യ്തില്ല

# കവിത

## അമ്മ

നിർജീവമായി നോക്കി നിൽക്കയാ-
ണവൾ ഇന്നും തൻ ജീവിതത്തെ
സ്വയം ഉരുകിയലിഞ്ഞ വേദനയിൽ
നിന്നും ചിറകടിച്ചു പറക്കാനാവാത്ത
അമ്മക്കിളി
തൻ രക്തമിന്നുതന്നെ തെരുവിലേക്ക്
വലിച്ചെറിയുമ്പോൾ ഒന്നു
തേങ്ങുവാനോ സഹതപിക്കാനോ
ആവാതെ നെടുവീർപ്പിടുക്കായണമ്മ
പാതിവരച്ചിട്ട
തൻെറ ജീവിതത്തിലെ ചിത്രമെന്ന
പോൽ പോയ കുട്ടിടണയും
അപശകുനമായി ഒതുങ്ങാതെ
തൻ പൈതലിനു വേണ്ടി

യാമങ്ങളാം യാമങ്ങൾ താണ്ടി
ഉയർത്തി കൊണ്ടുവന്നു
ദാരിദ്ര്യത്തിൻ പാതയിൽ
മകനെ നെഞ്ചോടു ചേർത്തി
പ്പിടിച്ചപ്പോഴും
അരവയറുമായി എത്രയോ
രാത്രികളിൽ കിടന്നപ്പോഴും

ആരോടും തൻെറ നിസ്സഹായത
പുറത്തുകാണിക്കാതെ
മറച്ചുവെച്ച
ഒടുവിലായി താൻ നട്ടുവളർത്തിയ ചെടി
പരിസരമാകെ തണൽ
വിരിച്ചപ്പോൾ
അറിയാതെപ്പോഴൊ അവളിലെമാതൃത്വം നിറഞ്ഞു
തുളുമ്പിപ്പോയ്
ഇന്നീ ദുസ്സഹമായ തെരുവോരത്ത്
ഒരു പ്രതിമയ്ക്കു തുല്യം നിൽക്കുമ്പോൾ

കറുത്തിരുണ്ട ആകാശത്തിൽ നിന്നിതാ
തൻ മേലോട്ടു ഒരുതുള്ളി പാഞ്ഞു വീണു

അറിയാതെ എങ്കിലും തുള്ളി തൻ
നോവായ് എന്നോട് ചോദിച്ചു
എന്തിനീ ഭൂമിയിൽ നിന്നും
എന്തു പ്രതീക്ഷിക്കുന്നു നീ**?**
മഴ കൂട്ടതലായി ചോരിഞ്ഞപ്പോൾ
അമ്മതൻ കണ്ണുകളിൽ നിന്നതിർന്നു
ചുടുകണ്ണീർ.
നല്ല മഴയായതു കോണ്ടാവാം
ആരുമത് കണ്ടില്ല.

**-കാർത്തിക.കെ**

# കവിത

## പ്രളയം

ദേവതയാം പ്രകൃതിയും എത്ര
തൻ ഏൽക്കമീ ഉപദ്രവം
തൻ ശരീരം ചുരണ്ടെടുക്കുന്ന
മാനവനറിയാമോ പ്രകൃതി തൻ നൊമ്പരം
പുഴയായ പുത്രിയെ മലിനമാക്കി മാനവർ
പർവതങ്ങളെയോ തുരന്നെടുത്തു
മരങ്ങളെയെല്ലാം മുറിച്ചല്ലോ മാനവർ
വായുപുത്രനെയും മലിനമാക്കി
ശാന്തസ്വരൂപിണിയാം പ്രകൃതിതൻ
കാളിയൻ രൂപം അടിമുടി

മാറ്റി നാം കേരളനാടിനെയും
സംഹാര താണ്ടവം ആടി ആടി കൊണ്ട്
അതാവരുന്നവല്ലോ പ്രകൃതിയാം മഹാകാളി
തൻ മുടി പറത്തി കൊണ്ട്
അലറിയാടുന്ന ഭദ്രകാളി
ദൈവത്തിൻ നാടിനെ ഒരു ദിനം
കൊണ്ടവൾ ചുടലകളമാക്കി മാറ്റിയലോ
ജലമായ ദേവത തൻെറ കോപത്താൽ
ജലത്താൽ വിഴുങ്ങി ഈ കേരളത്തെ
എത്ര ഭവനങ്ങൾ എത്ര ജീവനുകൾ
പൊലിഞ്ഞു പോയി ഈ ഗാന്ധമത്തിൽ
തൻ ദംഷ്ട്രം നിറച്ചും
രുധിരം പുരണ്ടൊരു ഉഗ്ര-
രൂപിണിയാം പ്രകൃതി മാതാ
തൻ വിരഹത്തിൽ  താന്ധവം
വായുവിൻ കോപത്താൽ

നേരത്തേ വന്നല്ലോ ഒഖിയാംദേവതയാം പ്രകൃതിയും

എത്ര

തൻ ഏൽക്കുമീ ഉപദ്രവം

തൻ ശരീരം ചുരണ്ടെടുക്കുന്ന

മാനവനറിയാമോ പ്രകൃതി തൻ നൊമ്പരം

പുഴയായ പുത്രിയെ മലിനമാക്കി മാനവർ

പർവതങ്ങളെയോ തുരന്നെടുത്തു

മരങ്ങളെയെല്ലാം മുറിച്ചല്ലോ മാനവർ

വായുപുത്രനെയും മലിനമാക്കി

ശാന്തസ്വരൂപിണിയാം പ്രകൃതിതൻ

കാളിയൻ രൂപം അടിമുടി

മാറ്റി നാം കേരളനാടിനെയും

സംഹാര താണ്ടവം ആടി ആടി കൊണ്ട്

അതാവരുന്നവല്ലോ പ്രകൃതിയാം മഹാകാളി

തൻ മുടി പറത്തി കൊണ്ട്

അലറിയാടുന്ന ഭദ്രകാളി

ദൈവത്തിൻ നാടിനെ ഒരു ദിനം

കൊണ്ടവൾ ചുടലകളമാക്കി മാറ്റിയല്ലോ
ജലമായ ദേവത തൻെറ കോപത്താൽ
ജലത്താൽ വിഴുങ്ങി ഈ കേരളത്തെ
എത്ര ഭവനങ്ങൾ എത്ര ജീവനുകൾ
പൊലിഞ്ഞു പോയി ഈ ഗാന്ധമത്തിൽ
തൻ ദംഷ്ട്രം നിറച്ചും
കൊടുംകാറ്റായുള്ള രാക്ഷസനും
കളിയുകം എന്നത് അവസാന-
ശ്വാസവും വലിച്ചുകൊണ്ടിങ്ങനെ-
യിരികുകയാ നിർത്തുക
മാനുഷ നിൻ അക്രാന്തങ്ങൾ
ഞാനൊന്നിളകിയാൽ എല്ലാം
തകർന്നും ഭസ്മമാകും

**-അക്ഷയ് കൃഷ്ണ**

# കവിത

## വസന്തം

ഒരു ദിനം ഞാൻ എൻ
നേത്രങ്ങൾ തുറക്കവേ
ചെമ്മേ ഞാൻ എൻ
കാതുകളാൽ ശ്രവിക്കവേ
മുരളീനാദമായ് പക്ഷികൾ
തൻ നാദ കച്ചേരികളും
എന്നിൽ ജീവനായ് തഴുകി
കാറ്റിൽ തലോടല
ഉണർവായ് മാറും
സൂര്യ കിരണങ്ങളും
പൂക്കൾ തൻ സുഗന്ധവും
വായുവിൻ പകരവേ
അതാ ഒരു ദേവതയാം
വസന്തം എന്നെ മാടി വിളിക്കുന്നു

**- അക്ഷയ് കൃഷ്ണ**

# കവിത

## കൂട്ട്

സർവ്വജാലങ്ങളും തിങ്ങിയമർന്നിടും
സമുദ്രവും മണ്ണിനും നഭസ്സ കൂട്ട്
സർവ്വമനുഷ്യരും സർവ്വമൃഗങ്ങളും
തങ്ങൾക്കു തങ്ങളായ് പണ്ടു കൂട്ട്
എത്രമേൽ വിചിത്രമാം ഈ ഭൂമിയിൽ തവ
പകലിനു പണ്ടേ രാവ് കൂട്ട്
അന്ധകാരത്തിൽ ലോകം മുഴുകിടും
രാവിനു തത്പ്രിയം നിലാവ് കൂട്ട്
ഇരുട്ടിലായ് ഭൂമിക്കു നന്മപകർന്നിടും
നിലാവിനുതിളങ്ങുന്ന താരകം കൂട്ട്
ഈ പ്രപഞ്ചത്തിലായ് ദൈവം സൃഷ്ടിച്ച
ഓരോന്നിനും നിശ്ചയം മറ്റൊന്നു കൂട്ട്
മനുഷ്യരാഗഹങ്ങൾക്കായി മാറിയോ

അക്രമങ്ങൾക്കു നടുത്ത കൂട്ട്
ദൈവമാകുന്ന സ്ത്രീകൾക്കുമിടയിലതാ
സ്വത്തിന്നുവേണ്ടി സയനൈടു കൂട്ട്
സ്വദേശഭക്തി പലർക്കും വെളികാട്ടാൻ
ജീവനൊടുക്കുന്ന ബോംബ് കൂട്ട്
സർവ്വജന സൗഹൃദം, സാഹോദാരിത്യം
ഇവയ്ക്കിടയിലെന്തിന് മതമെന്ന കൂട്ട്
പലതിനും വഴിയൊരുക്കുന്നതു സ്നേഹിതാ
എന്തിനീ അവിജ്ഞ്ഞാനമെന്ന കൂട്ട്
എക്കിലും മർത്ത്യ നീ ഓർക്കുക ഒരുത്തവണ
മരണമെന്നത് ഉറപ്പായ കൂട്ട്
പരലോക പ്രാപ്തിയിൽ, നീ ചെയ്ത കർമ്മങ്ങൾ
മാത്രമാകുന്നു നീയെന്ന കൂട്ട്

**– യദുകൃഷ്ണ.അർ**

# School Sports Day








ATE













മികവിന്റെ നിറവിൽ
എല്ലാവിഷയത്തിലും A+ നേടിയവർ
FULL A+
100%
GRACE
GOVT. TECHNICAL HIGH SCHOOL PALAKKAD
Certificate Of Merit
1
2
3